പ്രസ്തുത വാഹനങ്ങളുടെ വാടകയിനത്തിൽ നാളിതുവരെ 3,88,59,492 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗെയിംസ് നടന്ന മറ്റ് 6 ജില്ലകളിൽ യാത്രാ സൗകര്യം ഏർപ്പാടു ചെയ്തത് അതത് ജില്ലാ സംഘാടക സമിതികളാണ്. വാഹന വാടക നൽകുന്നതിനായി ടി ജില്ലകൾക്ക് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിന്ന് തുക മുൻകൂറായി അനുവദിക്കുകയാണ് ചെയ്തത്. വാഹനങ്ങൾക്ക് വാടക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ സംഘാടക സമിതികൾ ഇതേവരെ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി & സി) ദേശീയ ഗെയിംസിനായി തിരുവനന്തപുരം ജില്ലയിൽ വാടകയ്ക്ക് വാഹനങ്ങൾ ലഭ്യമാക്കിയ ട്രാൻസ്പോർട്ട് കോൺട്രാക്ടർമാർക്ക് കരാർ പ്രകാരമുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിലെ വിശദാംശം ശേഖരിച്ചുവരുന്നു.

ദേശീയഗെയിംസ് മെഡൽ ജേതാക്കൾക്ക് സർക്കാർ ജോലി

211 (4546) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി മെഡൽ നേടിയ എത്ര കായിക താരങ്ങൾക്ക് സംസ്ഥാനത്ത് സർക്കാർ ജോലി നൽകാൻ തീരുമാനിച്ചിട്ടുണ്ട് ; അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത താരങ്ങൾക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന സർക്കാർ, സംസ്ഥാനത്ത് സർക്കാർ തൊഴിൽ വാഗ്ദാനം ചെയ്തിരുന്ന ദേശീയ അന്തർദേശീയ മേളകളിൽ മികവ് കാട്ടിയവരിൽ ആർക്കെല്ലാം ഇനിയും നിയമനം നൽകിയിട്ടില്ല എന്നുള്ളതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയവരിലും, ടീമിനങ്ങളിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ ജോലി നൽകുന്നതിനും കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവരിൽ നിലവിൽ ജോലിയില്ലാത്തവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വ്യക്തിഗതയിനങ്ങളിൽ മെഡൽ നേടിയ 29 കായികതാരങ്ങളുടേയും ടീമിനങ്ങളിൽ സ്വർണ്ണമെഡൽ നേടിയ 42 കായിക താരങ്ങളുടേയും അപേക്ഷ ലഭിച്ചിട്ടുണ്ട്. കായികതാരങ്ങളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കായികതാരങ്ങളുടെ അപേക്ഷ പരിശോധിച്ച് നിയമനത്തിന് യോഗ്യരായവരെ കണ്ടെത്തുന്നതിനായി കായികയുവജനകാര്യ ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിയമന നടപടികൾ നടന്നുവരുന്നു.

(സി) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാനത്തിനായി മെഡൽ നേടിയ കായികതാരങ്ങൾക്കൊഴികെ മറ്റാർക്കും സർക്കാർ തൊഴിൽ വാഗ്ദാനം നൽകിയിട്ടില്ല.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ചെലവ്

212 (4547) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഓരോയിനത്തിലും ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഓരോ ഉപകരണത്തിനും എത്ര തുക ചെലവായി എന്നും എത്ര വീതം ഉപകരണങ്ങൾ വാങ്ങിയെന്നും വ്യക്തമാക്കുമോ :

(സി) അനുബന്ധ കാര്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 35-ാം ദേശീയഗെയിംസിൽ പങ്കെടുത്ത സംസ്ഥാന ടീമിന്റെ പരിശീലനത്തിനും മറ്റു ചെലവുകൾക്കുമായി 14-7-2015 വരെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1.	സംസ്ഥാന ടീം കോച്ചിംഗ് ക്യാമ്പ്	- 4,11,90,459 രൂപ
2.	കായിക ഉപകരണങ്ങൾ	- 91,68,412 രൂപ
3.	മസ്സാജിയേഴ്സിന്റെ ശമ്പളം	- 1,19,000 രൂപ
4.	പോക്കറ്റ് മണി (കായിക താരങ്ങൾ/ പരിശീലകർ/മാനേജർ)	- 17,76,000 രൂപ
5.	റ്റി.എ./ഡി.എ.	- 2,48,817 രൂപ
6.	സെറിമോണിയൽ ഡ്രസ്സ്	- 21,84,586 രൂപ
7.	പ്ലേയിംഗ് കിറ്റ്	- 27,75,361 രൂപ
8.	സ്പോർട്സ് കിറ്റ്	- 48,58,500 രൂപ
	ആകെ	- 6,23,21,135 രൂപ

LIBRARY ARCHIVES Kerala Legislative Assembly